**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം -കൊല്ലം വാളകം മാർത്തോമ ഹയർസെക്കന്ററി സ്കൂളിലെ കോമേഴ്സ് ബാച്ചിൽ (കോഴ്സ് കോഡ് 39) തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.**121/2025/GEDN** തീയതി,തിരുവനന്തപുരം, **28-06-2025**

---

പരാമർശം:- **1.** സ.ഉ( കൈ) നം. **247/2014/** പൊ.വി.വ തീയതി **24/11/2014**

2. മാനേജർ, മലങ്കര മാർത്തോമ്മാ സുറിയാനി സഭ **25/02/2025** എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷ

**3.** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർസെക്കണ്ടറി വിഭാഗം ) **23/02/2024** **19/05/2025**എന്നീത സിഡി.സി3/**237322/2022**/എച്ച്.എസ്.ഇ, എസിഡി.സി3/**91/2025/**

നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പരാമർശം **(1)** ഉത്തരവ് പ്രകാരം കൊല്ലം വാളകം മാർത്തോമ ഹയർസെക്കന്ററി സ്കൂളിൽ **2014-15** വർഷം മുതൽ സയൻസ് ബാച്ചിനും **2015-16** വർഷം മുതൽ കൊമേഴ്സ് ബാച്ചിനും താൽക്കാലിക പ്രവർത്തനാനുമതി നൽകി ഉത്തരവായിരുന്നു. സയൻസ് ബാച്ചിന് തസ്തിക അനുവദിച്ചു എങ്കിലും തുടർച്ചയായ മൂന്ന് അദ്ധ്യയന വർഷങ്ങളിൽ അൻപത് വിദ്യാർഥികളില്ലാത്തതിനാൽ കൊമേഴ്സ് ബാച്ചിൽ തസ്തിക അനുവദിച്ചിരുന്നില്ല. എന്നാൽ നിലവിൽ ആവശ്യമായ വിദ്യാർത്ഥികൾ ഉള്ളതിനാൽ സ്കൂളിൽ **2015** മുതൽ പ്രവർത്തനം ആരംഭിച്ച കോമേഴ്സ് ബാച്ചിൽ (കോഴ്സ് കോഡ് **39)** തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ടു മാനേജർ പരാമർശം **(2)** പ്രകാരം

അപേക്ഷ സമർപ്പിക്കുകയുണ്ടായി .

**2. 2020-21** മുതൽ തുടർച്ചയായ മൂന്ന് അദ്ധ്യയന വർഷങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം അമ്പതോ അതിലധികമോ ആയതിനാൽ; വിദ്യാർത്ഥികളുടെ എണ്ണവും വർക്ക് ലോഡും മറ്റു രേഖകളും പരിശോധിച്ച ശേഷം സ്കൂളിൽ എച്ച്.എസ്.എസ്.ടി, എച്ച്.എസ്.എസ്.ടി ജൂനിയർ അധ്യാപക തസ്തികകൾ ആവശ്യം വരുമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം വാളകം മാർത്തോമ ഹയർസെക്കന്ററി സ്കൂളിലെ തുടർച്ചയായ മൂന്ന് അദ്ധ്യയന വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കുമ്പോൾ കോമേഴ്സ് ബാച്ചുകളിലേക്ക് തസ്തിക അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഹയർ സെക്കണ്ടറി ഡയറക്ടർ പരാമർശം(3) പ്രകാരം ശുപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**3)**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം വാളകം മാർത്തോമ ഹയർസെക്കന്ററി സ്കൂളിലെ കോമേഴ്സ് ബാച്ചിൽ (കോഴ്സ് കോഡ് **39**) എച്ച്.എസ്.എസ്.റ്റി ജൂനിയറിന്റെ രണ്ട് **(2)** തസ്തികകൾ, എച്ച്.എസ്.എസ്.റ്റി.യുടെ മൂന്ന് **(3)** തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിനും, എച്ച്.എസ്.എസ്.റ്റി (ഇംഗ്ലീഷ്) ജൂനിയറിന്റെ ഒരു **(1)** തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനും സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ കൃത്യത പൊതു വിദ്യാഭ്യാസ ( ഹയർസെക്കണ്ടറി വിഭാഗം) ഡയറക്ടർ ഉറപ്പ് വരുത്തണമെന്ന നിബന്ധനയിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ( ഹയർസെക്കണ്ടറി വിഭാഗം),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( എ&ഇ) /( ആഡിറ്റ്) തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( അനൗദ്യോഗിക കുറിപ്പ് നം. **E:2521738/EDN-B1/353/2023-FIN) dated 26.10.2013)**

മാനേജർ, വാളകം മാർത്തോമ ഹയർസെക്കന്ററി സ്കൂൾ, കൊല്ലം

പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം.നം. 3078/ തീയതി 25.06.2025 )

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂമീഡിയ ) വകുപ്പ്

( പ്രസിദ്ധീകരണത്തിനായി )

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 28-06-2025 16:59:46
സെക്ഷൻ ഓഫീസർ